**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2871** **10-03-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ കാരണമുള്ള കൃഷി നാശത്തിന്റെ നഷ്ടപരിഹാര തുക പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ കാരണമുള്ള കൃഷി നാശത്തിന് സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇങ്ങനെ നശിക്കുന്ന കൃഷിക്ക് നഷ്ടപരിഹാരം അതാത് വർഷം തന്നെ നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 2020-21 മുതൽ 31/01/2025 വരെയുള്ള അഞ്ചുവർഷത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണവും അതാത് വർഷം നഷ്ടപരിഹാരമായി കണക്കാക്കിയതും നൽകിയതുമായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു . നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകളും രേഖകളും പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് നൽകിവരുന്നത്. |
| (ബി) | നഷ്ടപരിഹാര തുക കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ടോ; അവസാനമായി നഷ്ടപരിഹാര തുക പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ പരിഷ്കരിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ? | (ബി) | 08/01/2015 ലെ സർക്കാർ ഉത്തരവ് (കൈ) നം 2/2015/വനം നം. ഉത്തരവ് പ്രകാരം ഓരോ വിളയ്ക്കും നൽകാവുന്ന നഷ്ടപരിഹാര തുകയും നിശ്ചയിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക നാശത്തിന് കണക്കാക്കപ്പെട്ടിരുന്ന പരമാവധി നഷ്ടപരിഹാര തുകയായ 75000 രൂപയാണ്.<br><br>05/04/2018 ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരമാണ് ഒടുവിലായി വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക നാശത്തിനുമുള്ള നഷ്ടപരിഹാരതുക പരമാവധി ഒരു ലക്ഷം രൂപ വരെയാക്കി പരിഷ്കരിച്ചു ഉത്തരവായിട്ടുള്ളത്.<br><br>2015- ലെ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത് പ്രകാരം കൃഷി വകുപ്പും , ദുരന്തനിവാരണ വകുപ്പും കാർഷിക വിള നാശത്തിന് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് വനം വകുപ്പ് ഓരോ വിളയ്ക്കും നൽകാവുന്ന നഷ്ടപരിഹാര തുക ക്രമപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണവും | നഷ്ടമായി കണക്കാക്കിയ തുക (ലക്ഷത്തിൽ) | നഷ്ട പരിഹാരമായി നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2020-21 | 6541 | 438.78 | 438.78 |
| 2021-22 | 6580 | 440.19 | 440.19 |
| 2022-23 | 6863 | 319.16 | 319.16 |
| 2023-24 | 8141 | 342.99 | 341.40 |
| 2024-25 (31/01/2025 വരെ) | 2503 | 224.75 | 204.43 |
| **ആകെ** | **30628** | 1765.87 | 1743.96 |